# Dr. Majeed receives award from Kerala Chief Minister Mr. Pinarayi Vijayan


# കലാപ്രേമി

പുസ്തകം - 56 ലക്കം 49 2017 മാർച്ച് 2 വ്യാഴം തിരുവനന്തപുരം Email: kalapremibasher@yahoo.com Phone: 4010098 പേജ് 4 വില 5 രൂപ




മെഡിക്കൽ കോളേജിന്റെ 65-ാമത് വാർഷികാഘോഷത്തോടനുബന്ധിച്ച് അലുമ്നി അസോസിയേഷന്റെ അവാർഡ് സമീലാബ്സ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ പ്രമുഖ ആയുർവേദ ഗവേഷകനുമായ ഡോ. മുഹമ്മദ് മജീദിന് മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിക്കുന്നു.

### പഴയ സഖാവിനോട് ഡോക്ടറുടെ അഭ്യർത്ഥന

## തന്റെ കഴിവുകൾ നാട്ടിൽ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല

എം. മുഹമ്മദ് മാഹീൻ

തിരു. തന്റെ പഴയ സഖാവ് പിണറായിയോട് പഴയകാല സുഹൃത്തും ആയുർവേദ ഡോക്ടറും സമീലാബ്സിന്റെ ഉടമയുമായ ഡോ. മുഹമ്മദ് മജീദ് ഒരു അഭ്യർത്ഥന നടത്തി.

സഖാവേ.. കഴിഞ്ഞ 45 വർഷക്കാലമായി താൻ കേരളത്തിൽനിന്നും അമേരിക്കയിലെത്തി നമ്മുടെ നാട്ടിലെ മഞ്ഞളിനും വെളുത്തുള്ളിക്കും കുടംപുളിക്കും നൂറു ശതമാനം ഇരട്ടി മൂല്യവർദ്ധനവ് വരുത്തി. കാൻസർ രോഗത്തിന്റെ മരുന്നുകൾ കണ്ടെത്തി. അവയെല്ലാം തന്റെ സ്വന്തം സ്ഥലമായിരുന്നു. കേരളത്തിൽ കഴിവുകൾ ഉപയോഗിക്കുവാൻ കഴിയുന്നില്ലല്ലോ എന്ന സങ്കടത്തോടെ പറഞ്ഞു. മുഖ്യമന്ത്രി പിണറായി ഉടനെ മറുപടിയും കൊടുത്തു.

ഇപ്പോൾ കേരളത്തിൽ ഇതിനു പറ്റിയ അന്തരീക്ഷമാണ് നിലവിലുള്ളത്. അടുത്ത സംസ്ഥാനമായ കർണാടകത്തിൽ തുടങ്ങിയ ഫാക്ടറികളുടെ അടുത്ത ഘട്ടം കേരളത്തിൽ സ്ഥാപിക്കണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. തിരുവനന്തപുരം മെഡിക്കൽകോളേജിൽ നടന്ന ചടങ്ങിൽ വെച്ചാണ് മുഖ്യമന്ത്രി മജീദിനോട് ഇക്കാര്യം ആവശ്യപ്പെട്ടത്.

ഉടൻതന്നെ ആയുർവേദത്തിന്റെ ആധുനിക ആചാര്യനായ ഡോ.മുഹമ്മദ് മജീദ് മുഖ്യമന്ത്രിയുടെ അഭ്യർത്ഥന ഇരുകൈകളും നീട്ടി സ്വീകരിച്ചു. കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ സമീലാബ്സിന്റെ പുതിയ ആയുർവേദ ഗവേഷണകേന്ദ്രങ്ങൾ തുടങ്ങുമെന്ന് അദ്ദേഹം പറഞ്ഞു.ചടങ്ങിൽ പങ്കെടുത്ത ഡോ. മാർത്താണ്ഡപിള്ള, വിദേശരാജ്യങ്ങളിലുള്ള ഡോക്ടർമാർ കേരളത്തിൽ സ്ഥാപനങ്ങൾ തുടങ്ങണമെന്ന് അഭ്യർത്ഥിച്ചു.

*Dr. Muhammed Majeed, famous researcher on Ayurveda and Chairman and Managing Director of Sami Labs receiving award from Kerala Chief Minister Pinarayi Vijayan on the occasion of 65th Annual Celebration of Alumni Association (of Trivandrum) Medical College (Government)*

## Dr Majeed requests his old friend and comrade 'Help me utilize my potential in my native state'

Ayurveda nutraceuticals & Natural Drug Scientist and owner of Sami Labs Muhammed Majeed PhD., made a humble request to his old friend comrade Mr. Pinarayi (read : the Chief Minister of Kerala Mr. Pinarayi Vijayan) that "Dear comrade, since last 45 years, I've made 100% value addition to our (Kerala's) Turmeric, Garlic & Garcinia Cambogia in America. Found remedies for cancer. But I am not able to utilize my potential in my native state. Chief Minister Mr. Pinarayi responded immediately and said that now situation is better in Kerala and he appealed that the next level of expansion of those factories in Karnataka can (extend operation) be established here in Kerala. The conversation between Chief Minister and Dr. Majeed happened at a function held in Medical College Hospital, Trivandrum

Acharya of Modern Ayurveda Dr. Muhammed Majeed whole heartedly welcomes Chief Minister's request and responded that he will soon start Sami Labs Ayurveda research centres in Kochi, Calicut and Trivandrum. Dr. Marthandapillai, who was also among the attendees of the event suggested that those doctors who are in foreign countries shall open organizations in Kerala